


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA PHONE: 8234

വാല്യം 6 ലക്കം 23 | 1989 ജൂലൈ 21 | വില 1.15


# ഐക്യത്തിന്റെ സന്ദേശവുമായി

കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനം വളരുകയും, ഒപ്പം വിവിധ ക്രൈസ്തവസഭകൾ തമ്മിലുള്ള അകലം കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ജ്വലിക്കുന്ന പ്രതീകമായി നിലകൊള്ളുന്ന നിലയ്ക്കൽ പള്ളി ഈ പ്രക്രിയയ്ക്ക് ആവേശവും, പ്രചോദനവും നൽകുന്നു.

കേരളീയ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്താനും, മററുള്ള ക്രിസ്ത്യൻരാജ്യങ്ങളിൽ ആ പ്രസ്ഥാനം എത്രകണ്ട് വളർന്നിട്ടുണ്ടെന്നും, അവിടുത്തെ പ്രവർത്തനങ്ങൾ ഏതുവിധം നടക്കുന്നു എന്നും നേരിട്ടുകണ്ട് മനസ്സിലാക്കുവാൻവേണ്ടിയാണ് കേരളത്തിലെ വിവിധ ക്രൈസ്തവസഭാപ്രതിനിധികൾ ഒരു യൂറോപ്യൻ പര്യടനത്തിനിറങ്ങിത്തിരിച്ചത്. അതുപോലെതന്നെ കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തെപ്പററിയും ഇവിടുത്തെ പദ്ധതികളെപ്പററിയും വിവിധ സഭാമേലദ്ധ്യക്ഷൻമാരേയും സഭാംഗങ്ങളെയും ബോദ്ധ്യപ്പെടുത്തുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു. പ്രസ്തുത ദൗത്യത്തിന്റെ വിജയകരമായ പ്രവർത്തനമാണ് കഴിഞ്ഞ ജൂൺ 10 മുതൽ രണ്ടാഴ്ചക്കാലം വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ കേരളത്തിലെ ക്രൈസ്തവ സഭാപ്രതിനിധികൾ നടത്തിയ സന്ദർശനം.

**ഐക്യത്തിന്റെ സന്ദേശവുമായ്**

കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നേതാക്കൾ നടത്തിയ യൂറോപ്യൻ പര്യടനത്തെക്കുറിച്ച് ദൗത്യസംഘാംഗമായിരുന്ന ശ്രേഷ്ഠനിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ വിവരിക്കുന്നു.

തയ്യാറാക്കിയത്
ജോൺ കക്കാട്ട്

ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി ശ്രേഷ്ഠനിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സംഘത്തിലുണ്ടായിരുന്നു കാതലിക് ബിഷപ്പ് കോൺഗ്രസ് പ്രസിഡണ്ട് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മാർത്തോമ്മാസഭയുടെ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, ക്നാനായസഭയുടെ അബ്രഹാം മാർ ക്ളിമ്മീസ് മെത്രാപ്പോലീത്താ, സി. എസ് ഐ. മധ്യകേരളാ മഹാ ഇടവകയുടെ ബിഷപ്പ് എം. സി. മാണി, ഫാ. ആൻറണി നിരപ്പേൽ, അൽമായക്കാരായ വർക്കി ജോർജ്ജ് സുരേഷ്കോശി (സുരേഷ്) ക്നാനായാസഭയുടെ അത്മായ ട്രസ്ററി ജേക്കബ് (ജോയി) എബ്രഹാം ഇട്ടിച്ചെറിയ എന്നിവരായിരുന്നു മററു സംഘാംഗങ്ങൾ.

(തുടരും)

# വിശ്വാസത്തിൽ ഉറച്ചുനിൽക്കുക: പരിശുദ്ധ ബാവാ

സ്റ്റാഫ് എഡിററർ

പാമ്പാടി:(ജൂലൈ15 ശനി) ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വഹിച്ചവരാണ് മാർ കുറിയാക്കോസ് സഹദായും അദ്ദേഹത്തിന്റെ മാതാവ് മാർ യൂലിത്തിയും. ക്രിസ്തുമാർഗ്ഗത്തിൽനിന്ന് അവരെ പിൻതിരിപ്പിക്കുവാൻ അന്നത്തെ ഭരണകൂടം വളരെയേറെ പീഡനമുറകൾ പ്രയോഗിച്ചുവെങ്കിലും ആ വിശ്വാസസ്ഥിരതയെ ഇളക്കുവാൻ ആർക്കും കഴിഞ്ഞില്ല. അതുപോലെ നാമും വിശ്വാസത്തിൽ ഉറച്ചുനില്ക്കണമെന്ന് പ.കാതോലിക്കാ ബാവാ സഭാമക്കളെ ആഹ്വാനം ചെയ്തു.

പാമ്പാടിദയറായിൽ മാർ കുറിയാക്കോസ് സഹദായുടെ ഓർമ്മപ്പെരുന്നാളിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മാർ കുറിയാക്കോസ് സഹദായുടെ തിരുശേഷിപ്പും പാമ്പാടി തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യവും പാമ്പാടിദയറായെ ഒരു പുണ്യസ്ഥലം ആക്കിത്തീർത്തിരിക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിച്ചു.

പുതുക്കിപ്പണിതുകൊണ്ടിരിക്കുന്ന ദയറാചാപ്പലിന്റെ പണിയുടെ പുരോഗതി അത്ഭുതാവഹമാണ്. ഇനിയും കൂടുതൽ പണം ആവശ്യമായിരിക്കുന്നതിനാൽ എല്ലാവരും കൂടുതൽ ഉദാരമായി സംഭാവനകൾ നല്കി ചാപ്പൽ പണി എത്രയും വേഗം പൂർത്തിയാക്കണമെന്നും പ: ബാവാ ആവശ്യപ്പെട്ടു.

രാവിലെ പ ബാവാ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കോട്ടയം ഇടവകയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിൻമേൽ കുർബാന നടത്തി.

വി. കുർബാനയ്ക്കുശേഷം പള്ളിയുടെ മുഖവാരത്തിലെ കുരിശ് പ്രതിഷ്ഠാകർമ്മം പ. ബാവാ നിർവ്വഹിച്ചു. തുടർന്ന് പ്രദക്ഷിണവും നേർച്ചവിളമ്പും നടത്തി.

# മക്കോഡിയാ വില്ലേജ് മിഷൻ ഉദ്ഘാടനം

സ്വന്തം ലേഖകൻ

ഭിലായ്: ഭിലായ് മിഷന്റെ ചുമതലയിൽ ഇററാർസിയിൽനിന്നും 25 കി. മീ. അകലെ മക്കോഡിയാ ഗ്രാമത്തിൽ ആരംഭിച്ചിരിക്കുന്ന വില്ലേജ് മിഷന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂൺ 10–ന് നിർവ്വഹിച്ചു. ഉത്തരേന്ത്യയിലെ ഉൾനാടൻ ഗ്രാമങ്ങളിൽ മലങ്കരസഭയുടെ സേവനപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ആദ്യകാൽവയ്പാണിത്. 75 കൊല്ലങ്ങൾക്കുമുമ്പ് ഒരു പാശ്ചാത്യ മിഷനറി കാട്ടുപ്രദേശത്ത് പാവപ്പെട്ടവർക്കുവേണ്ടി സ്ഥാപിച്ചതാണ് മക്കോഡിയാ ഗ്രാമം. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുശേഷം മിഷനറിമാർ മടങ്ങിപ്പോയി. ഗ്രാമവാസികളിൽ പകുതിയോളം ക്രിസ്ത്യാനികളും ബാക്കിയുള്ളവർ ഹിന്ദുക്കളുമാണ്. മിഷനറി സായിപ്പ് പണിയിച്ച ബംഗ്ളാവും മററു ചില കെട്ടിടങ്ങളും അതോടു ചേർന്നുള്ള ആറേക്കർ പുരയിടവും ഭിലായ് മിഷൻ വാങ്ങി. കെട്ടിടങ്ങളുടെ കേടുപാടുകൾ തീർത്ത് ഇപ്പോൾ ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. ഫാ.കെ.സി.ചാക്കോയും ബ്രദർ ഐസക്കും കഴിഞ്ഞ ഒന്നര കൊല്ലത്തോളം കെട്ടിടങ്ങളുടേയും സ്ഥലത്തിന്റേയും ഉദ്ധാരണപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുകയാണ്.

ജൂലൈ 10. മക്കോഡിയാ ഗ്രാമത്തിന് ഒരു ഉത്സവദിനമായിരുന്നു. മലയാളികൾ ആരുമില്ലാത്ത ഗ്രാമത്തിലെ ഇടുങ്ങിയ മൺറോഡിലൂടെ രാവിലെ മുതൽ ഭോപ്പാൽ, ജബൽപൂർ, ഇററാർസി, ഹോഷംഗബാദ്,സാരണി, ഖണ്ഡവാ മുതലായി 250 കി.മീററർ ചുററളവിലുള്ള ഇടവകകളിൽ നിന്നും നാനൂറിൽപരം ആളുകളുടെ പ്രവാഹമാരംഭിച്ചു. പരിപാടി അനുസരിച്ച് രാവിലെ എട്ടുമണിക്ക് ആരംഭിച്ച ആരാധനാശുശ്രൂഷയിൽ ഗ്രാമക്കാരായ ക്രിസ്ത്യാനികൾ ആബാലവൃദ്ധം സംബന്ധിച്ചു.മിഷൻ ഡയറക്ടർ മാർ തേവോദോസിയോസ് ഹിന്ദിയിൽ വി. കുർബ്ബാന ചൊല്ലി. ബാഹ്യകേരളത്തിൽ ജനിച്ചു വളർന്ന് ഹിന്ദി മാതൃഭാഷയാക്കിയ ഭോപ്പാൽ ഇടവകയിലെ കുട്ടികൾ മധുരമനോഹരമായി ആരാധനാഗീതങ്ങൾ ചൊല്ലുകയും പ്രതിവാക്യങ്ങൾ പറയുകയും, ശുശ്രൂഷക്കാരായി വി. മദ്ബഹായിൽനിന്നു വായിക്കേണ്ട ഭാഗങ്ങൾ വായിക്കുകയും ചെയ്തപ്പോൾ ഗ്രാമവാസികളായ ക്രിസ്ത്യാനികൾ ജീവിതത്തിൽ ആദ്യമായി ഓർത്തഡോക്സ് സഭയുടെ വി. കുർബ്ബാന അവരുടെഭാഷയിൽ മനസ്സിലാക്കി അതിൽ സംബന്ധിച്ചു. വി. കുർബ്ബാനയെപ്പററി പൊതുവായും ഓരോ സന്ദർഭങ്ങളിൽ ഓർക്കപ്പെടുന്ന കാര്യങ്ങളെക്കുറിച്ചും ഫിലിപ്പ് കുരുവിള ഹിന്ദിയിൽ നല്കിയ വിശദീകരണവും അവർക്ക് സഹായകമായി. ഗ്രാമീണരായ കുട്ടികൾപോലും നിർന്നിമേഷരായി ആദ്യവസാനം പങ്കുകൊണ്ടു കണ്ടപ്പോൾ ആരാധന അവർക്ക് ഹൃദ്യമായ ഒരനുഭവമായിരുന്നു

(ശേഷം 6–ാം പേജിൽ)

# ദാർശനികതയിലൂടെ സത്യംകണ്ടെത്തണം: ഓ. എൻ. വി.

കോട്ടയം: ദാർശനീകതയിലൂടെ സത്യം കണ്ടെത്താൻ കഴിയണം, സത്യത്തെ സൗന്ദര്യപരമായി കണ്ടെത്തുവാനും കഴിയണം, എന്ന് പ്രൊഫ: ഓ. എൻ.വി. കുറുപ്പ് ഉദ്ബോധിപ്പിച്ചു.

എം. ജി. ഓ. സി. എസ്. എം.ന്റെ ആഭിമുഖ്യത്തിൽ സോഫിയാസെൻററിൽ നടത്തിയ സാഹിത്യ ക്യാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'എഴുത്തുകാരനാവാൻ ഉൾവിളിയുണ്ടാവണം. അല്ലാത്തവർക്ക് സാഹിത്യകാരനായിത്തീരുവാൻ സാധിക്കില്ല. ദാർശനീകദീപ്തിയും ആന്തരീകവെളിച്ചവും കലാകാരന്റെ മനസ്സിനെ ഉന്മിഷത്താക്കണം.' അദ്ദേഹം തുടർന്നു.

ഭാരതീയ തപോവനങ്ങളെ അനുസ്മരിപ്പിക്കുന്ന സോഫിയാസെൻററിൽ ഇത്തരമൊരു ക്യാമ്പ് സംഘടിപ്പിച്ചതിൽ സംഘാടകരെ ഓ. എൻ. വി. അനുമോദിച്ചു.

ഡോ. കെ. എം. തരകന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനസമ്മേളനത്തിൽ ഫാ. ജോൺ തോമസ്, പ്രൊ. പി. സി. ഏലിയാസ് എന്നിവർ പ്രസംഗിച്ചു. പോൾ മണലിൽ സ്വാഗതവും കെ. എസ്. റോയി കൃതജ്ഞതയും പറഞ്ഞു. ക്യാമ്പ് ഞായറാഴ്ച സമാപിച്ചു.

## ഒന്നാം റാങ്ക് നേടി

തിരുവല്ല: കേരള സർവ്വകലാശാല 89 ഏപ്രിൽ-മേയിൽ നടത്തിയ പ്രീഡിഗ്രി പരീക്ഷയിൽ കിഴക്കേടത്ത് ചാക്കോ വർഗീസ് 90 ശതമാനം മാർക്കോടുകൂടി ഒന്നാം റാങ്ക് നേടി. തിരുമൂലപുരം ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ചാക്കോ, തിരുവനന്തപുരത്ത് പൊതുമരാമത്തു വകുപ്പിൽ ജലസേചനവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ വറുഗീസ് ചാക്കോയുടെയും, മെഡിക്കൽ കോളേജ് പ്രൊഫസർ ഡോ. എലിസബേത്ത് വറുഗീസിന്റെയും സീമന്തപുത്രനാണ്.

# ഇവരെ പരിചയപ്പെടുക ഇവരുടെ പ്രാർത്ഥനകളും

**കെ. ജോൺ മാത്യൂസ് തുമ്പമൺ**

മെസ്രോയിൽവെച്ച് അബ്രഹാമിനു പ്രത്യക്ഷപ്പെട്ട അന്നു തന്നെ രണ്ടു ദൂതന്മാർ ലോത്തിന്റെ ഭവനത്തിൽ ചെന്നു. അതിസുഭഗരായ രണ്ടു യുവാക്കൾ ലോത്തിന്റെ ഭവനത്തിൽ എത്തി എന്നറിവു കിട്ടിയ സോദോംനിവാസികൾ കാമാന്ധരായി ലോത്തിന്റെ ഭവനത്തിൽ ചെന്ന് അവരെ തങ്ങൾക്ക് വിട്ടുതരണമെന്ന് ആവശ്യപ്പെട്ടു. തന്റെ ഭവനത്തിൽ അതിഥികളായി വന്ന ദൂതന്മാരെ അപമാനിക്കരുതേ എന്നു കേണുവീണപേക്ഷിച്ചിട്ടും ഫലമുണ്ടായില്ല. കന്യകകളായ തന്റെ മക്കളെ ദൂതന്മാർക്കു പകരം വിട്ടുകൊടുക്കാമെന്നു പറഞ്ഞിട്ടും അവർ ചെവിക്കൊണ്ടില്ല. കാമാസക്തിയുടെ തീവ്രത! സ്വവർഗ്ഗഭോഗത്തിലുള്ള ആ ജനതയുടെ ആസക്തിയുടെ അദമ്യത. ലോത്തിന്റെതന്നെ ജീവൻ അപകടത്തിലാകുമെന്ന് മനസ്സിലാക്കിയ ദൂതന്മാർ ലോത്തിനെ വീട്ടിലാക്കിയശേഷം ആ സമൂഹത്തിന്റെ കാഴ്ച നശിപ്പിച്ചു. കാഴ്ച നഷ്ടപ്പെട്ട അവർ തപ്പിയും തടഞ്ഞും അവിടെ നിന്ന് പിരിഞ്ഞുപോയി.

ഈ പ്രവൃത്തികൂടെ കണ്ടുകഴിഞ്ഞപ്പോൾ യഹോവയുടെ കോപം ശതഗുണീഭവിച്ചു. ആ പട്ടണത്തെ പൂർണ്ണമായി നശിപ്പിക്കുവാനുള്ള യഹോവയുടെ തീരുമാനം ലോത്തിനെ ദൂതന്മാർ ധരിപ്പിച്ചു. അതിനുമുമ്പ് ലോത്തും കുടുംബവും രക്ഷപെടുവാൻ യഹോവയ്ക്ക് താല്പര്യമുണ്ട് എന്ന വിവരവും അറിയിച്ചു.

തന്റെ അദ്ധ്വാനത്തിന്റെ ഫലമായി സമ്പദ്സമൃദ്ധമായ ഒരു ജീവിതം ലോത്തും

## അവിടേയ്ക്ക് എന്നെ വിടരുതേ—ലോത്ത്

കുടുംബവും നയിച്ചുപോന്നിരുന്നു. അതുകൊണ്ട് സോദോം, ഗോമോറ വിട്ടുപോകണമെന്നുള്ള ദൂതന്മാരുടെ ആഹ്വാനം സന്തോഷത്തേക്കാളേറെ ദുഃഖം പ്രദാനം ചെയ്തു. പൂർണ്ണമായും ആ നഗരം നശിപ്പിക്കപ്പെടും എന്നറിയിച്ചപ്പോൾ താൻ സമ്പാദിച്ചുകൂട്ടിയതൊക്കെയും ഉപേക്ഷിച്ചുപോകാൻ ജീവനിൽ കൊതിയുണ്ടായിരുന്ന ലോത്തും കുടുംബവും അർദ്ധമനസ്സോടെ സമ്മതിച്ചു. തന്റെ മരുമക്കളെക്കൂടി രക്ഷപെടുത്തണമെന്നാഗ്രഹിച്ച ലോത്ത് അവരെ നഗരത്തിന്റെ നാശത്തെക്കുറിച്ച് അറിയിച്ചെങ്കിലും അവർ ചെവിക്കൊണ്ടില്ല.

സമയം വൈകുന്നതുകണ്ട് ദൂതന്മാർ ലോത്തിനെയും ഭാര്യയെയും രണ്ടു പെൺകുട്ടികളെയും കൈക്കു പിടിച്ച് പട്ടണത്തിനു പുറത്തുകൊണ്ടുപോയി. ആപത്തു വരുമെന്ന് ഉറപ്പായിട്ടും നശ്വരമായ സമ്പത്തിനെ വിട്ടുപോകാനുള്ള വൈമനസ്യം.

'ഓടിപ്പോക. ഈ പ്രദേശത്തെങ്ങും നില്ക്കരുത്. തിരിഞ്ഞു നോക്കുകപോലും ചെയ്യരുത്. നിനക്ക് നാശം സംഭവിക്കാതിരിക്കാൻ അങ്ങ് ദൂരെ കാണുന്ന പർവ്വതത്തിലേക്ക് ഓടിപ്പോക.' എന്നാജ്ഞാപിച്ചപ്പോൾ എല്ലാംകൊണ്ടും അവശനായ ലോത്തിന്റെ പ്രാർത്ഥന വേദനയുടെ നനവുള്ളതായിരുന്നു.

'യഹോവേ! എന്നെയും എന്റെ കുടുംബത്തെയും രക്ഷിപ്പാൻ കരുണ കാണിച്ചതിനു നന്ദിയോടെ നിനക്ക് സ്തോത്രം ചൊല്ലുന്നു. എന്റെ ആത്മാവിനെ രക്ഷിപ്പാനായിട്ട് നീ എനിക്ക് ചെയ്തു തന്നിട്ടുള്ള കരുണയെ മഹത്വപ്പെടുത്തിയിരിക്കുന്നു. നിനക്ക് അടിയനോടു കൃപ തോന്നിയല്ലോ. എന്നാലോ ഞാൻ ഇപ്പോൾ തീർത്തും അവശനായിരിക്കുന്നു. പർവ്വതത്തിലേയ്ക്ക് ഓടിപ്പോകാൻ എനിക്ക് ശക്തി പോരാ. അവിടെ പോകാൻ അങ്ങ് എന്നെ നിർബന്ധിക്കരുതേ. എങ്കിൽ എന്റെ മരണം സംഭവിക്കും. ഇതാ സമീപത്തുള്ള ഈ പട്ടണത്തിലേയ്ക്കു ഞങ്ങൾ പൊയ്ക്കൊള്ളാം. അതു് ഒരു ചെറിയ പട്ടണമല്ലോ. അവിടേയ്ക്കു പോകാൻ എന്നെ അനുവദിക്കണമേ. എന്നാൽ എനിക്ക് ജീവരക്ഷ ഉണ്ടാകും. എന്റെ ആത്മാവു ജീവിക്കും.'

യഹോവ അവന്റെ അപേക്ഷ കേട്ടു. 'കണ്ടാലും ഇക്കാര്യത്തിലും നിന്നെ ഞാൻ കൈക്കൊണ്ടിരിക്കുന്നു. നീ പറഞ്ഞ നഗരത്തെ ഞാൻ നശിപ്പിക്കാതെ ഇരിക്കും'. ലോത്തും കുടുംബവും സോവാർപട്ടണത്തിലെത്തുവോളം യഹോവ ഒന്നും ചെയ്തില്ല.

പ്രഭാതത്തിൽ ലോത്ത് അവിടെ എത്തിക്കഴിഞ്ഞപ്പോൾ ആകാശത്തുനിന്ന് തീയും ഗന്ധകവും വർഷിപ്പിച്ച് സോദോമിന്റെയും ഗോമോറിന്റെയും ഉന്മൂലനാശം വരുത്തി. അബ്രഹാമും ലോത്തും ഈ പട്ടണങ്ങളുടെ നാശം നേരിൽക്കണ്ടു.

ഉല്പത്തി 19.

## എവിടെ പ്രവാചകൻ

3–ാം പേജിൽനിന്നും തുടർച്ച

കാൽവയ്പും മുമ്പേയവർ
നടന്നങ്ങെത്തിച്ചേർന്നു,
നമ്മൾ തൻ പദമേറി-
പറക്കാനാകാശത്തെ-
യാശ്രയിക്കുവാൻ നമ്മൾ
ചിറകുനിവർക്കുമ്പോ-
ളാകാശം പറന്നേപോയ്
നടക്കാൻ ഭൂമിക്കുമേ-
ലൊരു കാൽകുത്തുംമുമ്പേ
നടുങ്ങിപ്പൊട്ടിത്തെറി-
ച്ചില്ലാതായ്, വസുന്ധര!
എങ്കിലും നേതാക്കന്മാർ
നമ്മളെപ്പറത്തുന്നു
നമ്മളൊട്ടറിയാതെ
നമ്മളെ നടത്തുന്നു
ഗളനാളത്തിൽ വെയി-
ലൊഴുകിറങ്ങുമ്പോൾ
കുളിർ നീർത്തണ്ണവെന്നും
നമ്മോടു പറയുന്നു-
തേനും പൈമ്പാലും വഴി-
ഞ്ഞൊഴുകുമൊരുദേശം
തേടുന്നു നമ്മെ, യവ-
രങ്ങോട്ടു നയിപ്പെന്നേ
അനിശമുദ്ഘോഷിപ്പൂ-
അങ്ങനെയതു പഴ-
ങ്കഥപോലദ്ദേശം നാം
മറക്കു; ന്നലയുന്നു
എവിടേ പ്രവാചക-
ദണ്ഡ; മിന്നതുകൊണ്ടി-
ന്നെവിടെയടിച്ചാകിൽ
നീരുറവകൾ പൊട്ടും?
എവിടേ, ദണ്ഡംപൊക്കി-
യടിക്കാൻ കരുത്തേറും
കരങ്ങൾ സ്വയമാർന്ന
നായകൻ, പ്രവാചകൻ!

**ബിനോയ് ചാത്തുരുത്തി**

കുട്ടികൾക്കൊരു നുറുങ്ങ്

## വാൽ കത്തിയാൽ...

രണ്ടു പക്ഷികൾ ഒരു കൊമ്പിലിരിക്കുമ്പോൾ ആകാശത്തുകൂടി വലിയ ശബ്ദത്തോടെ, പുക വർഷിച്ചുകൊണ്ട് ഒരു ജറ്റ്വിമാനം കടന്നുപോയി.

ഒരു കിളി ചോദിച്ചു. ''ഇത്ര ചെറിയൊരു പക്ഷിക്ക് ഇത്രയും വലിയ ശബ്ദമുണ്ടാക്കാൻ കഴിയുമോ?''

മറ്റേ കിളി: ''വാൽ കത്തിയാൽ നീ ഇതിലും വലിയ ശബ്ദമുണ്ടാക്കിയേനേ.''

## ഹെറാൾഡ് ചെറുകഥാമത്സരം–89

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് നടത്തുന്ന ചെറുകഥാമത്സരത്തിലേയ്ക്ക് യുവസാഹിത്യകാരന്മാരുടെ കലാസൃഷ്ടികൾ ക്ഷണിക്കുന്നു. ചെറുകഥകൾ, ഹെറാൾഡ് പ്രസിദ്ധീകരണത്തിന് യോജിച്ചവയായിരിക്കണം. ഒന്നാം സമ്മാനം 201 രൂപ, രണ്ടാം സമ്മാനം 101 രൂപ. മററു സ്ഥാനങ്ങൾ ലഭിക്കുന്നു. ചെറുകഥകൾ ഹെറാൾഡിൽ പ്രസിദ്ധീകരിക്കും.

## എട്ടുനോമ്പു പെരുന്നാൾ

കൊല്ലം: കട്ടച്ചിറ ഓർത്തഡോക്സ് പള്ളിയിൽ നടത്തി വരാറുള്ള എട്ടുനോമ്പുപെരുന്നാൾ ഈ വർഷം സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെടുന്നതാണ്. ശ്രേഷ്ഠനിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും പള്ളി വികാരി ഫാ. പി. ജോർജ്ജും പെരുന്നാൾ ആഘോഷത്തിന് നേതൃത്വം കൊടുക്കും.

## തിരഞ്ഞെടുത്തു

അഖില മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ഖജാൻജിയായി തിരുവല്ല ഇരട്ടപ്പാമൂട്ടിൽ ഇ. ടി. ജോണിനെ തിരഞ്ഞെടുത്തു. യുവജന പ്രസ്ഥാനത്തിന്റെ നിരണം ഭദ്രാസന ജോയിന്റ് സെക്രട്ടറിയായി പത്തുവർഷം സേവനമനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം തിരുവല്ല സെന്റ് തോമസ് ഓർത്തഡോക്സ് ചാപ്പൽ അംഗമാണ്. ജോൺ തിരുവല്ല കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ഉദ്യോഗസ്ഥനാണ്.




## മക്കോഡിയാ മിഷൻ...

1–ാം പേജിൽനിന്നും തുടർച്ച

എന്നു തോന്നി.

ആരാധനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ ഗ്രാമത്തിലെ എല്ലാ ജനങ്ങളും പങ്കുകൊണ്ടു. അദ്ധ്യക്ഷപ്രസംഗത്തിൽ മാർ തേവോദോസിയോസ് ഓർത്തഡോക്സ് സഭയെക്കുറിച്ചും ഗ്രാമത്തിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്ന സേവനപ്രവർത്തനങ്ങളെക്കുറിച്ചും സമഗ്രമായി സംസാരിച്ചു. സ്ഥലം എം.എൽ.എ, പഞ്ചായത്തു് പ്രസിഡൻറ്, വില്ലേജ് പട്ടേൽ എന്നിവർ ക്രിസ്ത്യൻ മിഷനുകൾ രാജ്യത്തിനു നൽകിയിട്ടുള്ള സേവനങ്ങളെ അനുസ്മരിച്ചു. മലങ്കരസഭയുടെ വില്ലേജ് മിഷനെ സ്വാഗതം ചെയ്തും സംസാരിച്ചു. പ്രൊഫസർ ഫാ. ജോൺ വി. ജോൺ സ്വാഗതവും, ഫാ.കെ. സി. ചാക്കോ കൃതജ്ഞതയും പറഞ്ഞു. ഗ്രാമത്തിലെ ക്രിസ്ത്യൻ കുട്ടികൾ ഇടയ്ക്കിടെ മനോഹരമായ സമൂഹഗാനങ്ങൾ ആലപിച്ചു. വന്നുചേർന്നവർക്കെല്ലാം സമൃദ്ധമായി ലഘുഭക്ഷണം വിതരണം ചെയ്തു

ഭിലായ് സെൻറ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഫാ. ജോൺ വി. ജോൺ, ഭോപ്പാൽ പള്ളി വികാരി ഫാ. പി. ഐ. ജോൺ, ജബൽപൂർ പള്ളി വികാരി ഫാ. സാമുവേൽ ജോൺ, രാജാറാ പള്ളി വികാരി ഫാ. പി. റ്റി. തോമസ് മക്കോഡിയാ മിഷൻെറ ചുമതല വഹിക്കുന്ന ഫാ. കെ. സി. ചാക്കോ, ഭോപ്പാൽ സന്ദർശനത്തിനു വന്ന തിരുവല്ലാ പാണ്ടിശ്ശേരിൽ ഫിലിപ്പോസ് കശ്ശീശാ, മെത്രാപ്പോലീത്താ എന്നിവരും. നാനൂറിൽപരം ഓർത്തഡോക്സ് സഭാംഗങ്ങളും ചേർന്ന ഒരു സംഘത്തിൻെറ സാന്നിദ്ധ്യം ഉൾനാട്ടിലെ ചെറുഗ്രാമമായ മക്കോഡിയായ്ക്കു് അത്ഭുതപൂർവ്വമായ ഒരനുഭവമായിരുന്നു. ആരാധനാസമയം മക്കോഡിയാ മിഷനിൽ പ്രവർത്തിക്കുന്ന ബ്രദർ ഐസക്കിനു് ആശ്രമവസ്ത്രദാനശുശ്രൂഷയും നടത്തി. വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തിനുശേഷം മറുനാടൻ മലയാളികളായ മലങ്കരസഭാമക്കൾ രണ്ടായിരം കൊല്ലക്കാലത്തെ സഭയുടെ നീണ്ട ചരിത്രത്തിൽ ഇദംപ്രഥമമായി ഉത്തരേൻഡ്യയിലെ ഉൾനാടൻ ഗ്രാമമായ മക്കോഡിയായിൽ സഭയുടെ സേവനപ്രവർത്തനങ്ങൾക്കു നാന്ദി കുറിച്ചപ്പോൾ സന്നിഹിതരാകാൻ സാധിച്ചതിലുള്ള സന്തോഷം അയവിറക്കിക്കൊണ്ടും സഭയുടെ ഭാരതദൗത്യം ഇനിയെങ്കിലും നിർവ്വഹിക്കപ്പെടുവാൻ ഇടയാക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടും അവരവരുടെ താമസസ്ഥലങ്ങളിലേക്കു മടങ്ങി.

## പള്ളിയിൽ മോഷണം

തിരുവല്ലാ: കാട്ടുക്കര സെൻറ് തോമസ് ഓർത്തഡോക്സ് ചാപ്പലിൽ മോഷണം നടന്നു. ജൂലൈ മൂന്നിനു് സെൻറ് തോമസ് ഡേ പ്രമാണിച്ച് വി. കുർബ്ബാനയ്ക്കായി പള്ളി തുറന്നപ്പോഴാണു് മോഷണം നടന്നതായി അറിഞ്ഞതു്. വഞ്ചിക തകർക്കുകയും പള്ളി ഉപകരണങ്ങൾ അപഹരിക്കുകയും ചെയ്തു. തിരുവല്ലാ പോലീസ് കേസ് രജിസ്ററർ ചെയ്തിട്ടുണ്ടു്.

## ഒന്നാം റാങ്ക്



കോട്ടയം: 1988–ലെ അഖില മലങ്കര സൺഡേസ്കൂൾ 10–ാം ക്ലാസ്സ് പരീക്ഷയിൽ മനോജ് വർഗീസ് ഒന്നാം റാങ്ക് നേടി. കോട്ടയം ചെറിയപള്ളി സൺഡേസ്കൂൾ വിദ്യാർത്ഥിയായിരുന്ന മനോജ് കോട്ടയം മരിയൻ സ്കൂൾ പതിനൊന്നാം സ്ററാൻഡേർഡ് വിദ്യാർത്ഥിയാണു്.

കോട്ടയം സി. എം. എസ്. കോളേജ് പ്രൊഫസർ പുത്തൻപറമ്പിൽ പി.സി. വറുഗീസിൻെറയും റബർബോർഡ് ഉദ്യോഗസ്ഥ ലീലാമ്മ വറുഗീസിൻേറയും മൂത്തപുത്രനാണു് മനോജ്.

## പെരുന്നാട്ടിൽ ഓർമ്മപ്പെരുനാൾ

റാന്നി പെരുനാട്: അലക്സിയോസ് മാർ തേവോദോസ്യോസ് യൂഹാനോൻ മാർ അത്താനാസ്യോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ ഓഗസ്റ്റ് 6,7 (ഞായർ, തിങ്കൾ) എന്നീ ദിവസങ്ങളിൽ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ ആഘോഷിക്കുന്നു.

7.30നു് പ്രഭാതനമസ്കാരവും തുടർന്നു് പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സിൻെറ പ്രധാന കാർമ്മികത്വത്തിൽ വി: കുർബാന അർപ്പിക്കുന്നതാണു്.

വി. കുർബാനയ്ക്കുശേഷം നേർച്ചവിളമ്പും അരിവിതരണവും ഉണ്ടായിരിക്കും.

## തിരുത്തു്

2–ാം പേജ് എഡിറേറാറിയലിൽ വൈദികരുടെ ശമ്പളവർദ്ധന 45 രൂപയെന്നുള്ളതു് 450 എന്നു തിരുത്തി വായിക്കാനപേക്ഷ.

## സെൻറു് തോമസ് ദിനം സംയുക്തമായി ആഘോഷിച്ചു.

നിലയ്ക്കൽ: (ജൂലൈ 3 തിങ്കൾ) കേരളത്തിലെ വിവിധ സഭകളുടെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ സെൻറ് തോമസ് എക്യുമെനിക്കൽ പള്ളിയിൽ വച്ച് സെൻറ് തോമസ് ദിനം സംയുക്തമായി ആഘോഷിച്ചു. ഫാ. ദാനിയേൽ ഓ. ഐ സി. ഓർത്തഡോക്സ് സഭയുടെ ക്രമമനുസരിച്ച് വി. കുർബാന അർപ്പിച്ചു. തുടർന്ന് മാർത്തോമ്മാ, മലങ്കര സിറിയൻ റീത്തു്, സീറോ മലബാർ റീത്തു് എന്നീ സഭകൾ വി. കുർബാന അർപ്പിച്ചു.

വി. കുർബാനയെത്തുടർന്നു് ഫാ. ആൻറണി നിരപ്പേൽ എക്യുമെനിക്കൽ ദൗത്യസംഘം ഈയിടെ നടത്തിയ യൂറോപ്യൻപര്യടനത്തെക്കുറിച്ച് വിവരിച്ചു.

വിവിധ പ്രദേശങ്ങളിൽനിന്നും നൂറുകണക്കിനു് ആളുകൾ ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നിരുന്നു.

ഹെറാൾഡിൽ ഉടൻ പ്രസിദ്ധീകരണം

ആരംഭിക്കുന്നു

# ഒരു സുപ്രഭാതം കൂടി

അന്തീനാട്ട് ജോസ് എഴുതിയ വികാരോജ്വലമായ നോവൽ

ബധിരനും ഊമയുമായ ഒരുവനെ ഭർത്താവായി സ്വീകരിച്ച് അയാളുടെ കാതും നാവുമായിത്തീർന്ന സുന്ദരിയായ യുവതി.

അവൾ ആ കുടുംബത്തിൽ തെളിഞ്ഞു കത്തിയ വിളക്കായിരുന്നു.

അവളുടെ ജീവിതാദർശവും മാനസികപീഡയും ഇവിടെ അനാവരണം ചെയ്യുന്നു.



പ്രൊഫ. പി. ഒ. ജോൺ

ഈ ദീപം പൊലിഞ്ഞിട്ട് ഒരു വർഷം കഴിഞ്ഞു. ഹെറാൾഡ് പ്രവർത്തകരുടെ ആദരാഞ്ജലികൾ.




Edited & Published by Shebaly, Printed by Rev.C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A.J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038